**Weekly Devotions - June 2016 week-3**

# Jehovah - Jireh (The Lord will Provide)

**കരുതുന്ന ദൈവം(ഉല്പ22:14)**




June19(മൂന്നാം ഞായർ) ലോക പിതൃദിനമായി (International Father’s day) ആയി കരുതുന്നു. ഈ സുദിനത്തിൽ എല്ലാ പിതാക്കൻമാർക്കും bible study.co.in ന്റെ ആശംസകൾ.മൺമറഞ്ഞ മഹാൻമാരായ, സ്നേഹമയികളായിരുന്ന അവരുടെ ഓർമ്മകളുടെ മുൻപിൽ ഞങ്ങ

ളുടെ ശിരസ്സ് നമിക്കുന്നു. മക്കൾക്ക് നല്ല ഓർമ്മകൾ നൽകുന്ന പിതാവ് യഹോവയുടെ കരുതൽ അനുഭവിച്ച വ്യക്തി ആയിരിക്കും.

അറബിയായ മത്താർ ജറുസലേമിലെ ഒരു ബാങ്കുദ്യോഗസ്ഥനായിരുന്നു. അറബികളും യിസ്രായേല്യരും തമ്മിലുള്ള യുദ്ധം കൊടുംമ്പിരിക്കൊണ്ടപ്പോൾ മത്താർ ഭാര്യയും എട്ടുമക്കളുമായി യോർദ്ദാനിലേക്ക് പലായനം ചെയ്തു. മക്കളെ സ്നേഹിക്കുന്ന മത്താറിന് തന്റെ മക്കളുടെ ആഹാരത്തെപ്പറ്റി ചിന്തയുണ്ടായിരുന്നു എങ്കിലും അദ്ദേഹവും ഭാര്യയും വചനത്തിൽ പൂർണ്ണമായി വിശ്വസിച്ചു. വിശ്വാസത്തിൽ ഉറച്ച അപ്പന്റെ സ്വഭാവം മക്കൾക്കും ലഭിച്ചിരുന്നു. കൈവശമുള്ള പണം തീർന്നു എന്നാൽ തന്റെ ഇളയമകനോടൊപ്പം ചന്തയിലേക്ക് പോയ അദ്ദേഹം വിശ്വാസത്തോടെ രണ്ട് കുട്ടകളും കയ്യിലെടുത്തു. വഴിയിൽ മകൻ ധാരാളം ചോദ്യങ്ങൾ ചോദിച്ചു. വാങ്ങിത്തരേണ്ട സാധനങ്ങളുടെ വിവരവും ധരിപ്പിച്ചു.ഉം.....എന്നൊരു ഉറച്ച ശബ്ദത്താൽ മത്താർ പ്രതികരിച്ചു. ആരെയോ പ്രതീക്ഷിച്ചെന്നപോലെ ചന്തയിലെ ഒരു ഒഴിഞ്ഞ കോണിൽ കുട്ടകളുമായി ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ആ വഴി വന്നു.വളരെ നേരം അവർ സംസാരിച്ചു എങ്കിലും തന്റെ ബുദ്ധിമുട്ട് അദ്ദേഹത്തോട് പറഞ്ഞില്ല. എന്നാൽ യാത്ര പറഞ്ഞ് പോകുമ്പോൾ 'അഞ്ചു പവൻ' മത്താറിന്റെ കൈവശം നൽകി ഇപ്പോൾ ഇത് ആവശ്യമല്ലേ എന്ന് പറഞ്ഞ് സുഹൃത്ത് മടങ്ങിപ്പോയി. കുട്ടകൾ നിറച്ച് വീട്ടിലേക്ക് വന്ന അദ്ദേഹം ആദ്യം ചെയ്തത് കുടുംബത്തോട് ചേർന്ന് ദൈവത്തിന് നന്ദി പറയുകയായിരുന്നു. കുടുംബനാഥൻമാരായ സഹോദരങ്ങളെ നിങ്ങൾ ഇപ്രകാരം നിങ്ങളുടെ മക്കൾക്ക് മാതൃകയാണോ? അല്ലെങ്കിൽ ഒരു തീരുമാനം എടുക്കുക. ഈ അവസരം ദൈവം നിങ്ങളെ അതിനായി ഒരുക്കട്ടെ.

വിശ്വാസത്തിന്റെ പരീക്ഷ അഭിമുഖീകരിച്ച അബ്രഹാമാണ് 'യഹോവ കരുതും' എന്ന് വിശ്വസിച്ചതിന്റെ യാഥാർത്ഥ മാതൃക. ഹൃദയത്തിൽ ഭാരമുണ്ടെങ്കിലും വാർദ്ധക്യത്തിൽ ലഭിച്ച മകനേക്കാളും, അവനെ തന്ന ദൈവത്തെ അനുസരിച്ച അദ്ദേഹം അനുസരണത്തിന് തടസ്സമാകുന്ന ഘടകങ്ങളെ ഒഴിവാക്കുവാനും ശ്രദ്ധിച്ചു. യാഗത്തിന്റെ ആട് എവിടെ എന്ന്

മകൻ ചോദിച്ചപ്പോഴും കരുതുന്ന ദൈവത്തെപ്പറ്റി പറയുക മാത്രമാണ് ചെയ്തത്. യാഗപീഠം ഒരുക്കിയപ്പോഴും കാലും കയ്യും കെട്ടി യാഗപീഠത്തിൽ കിടത്തിയപ്പോഴും ഏകജാതനായ യിസഹാക്ക് തന്റെ അപ്പന്റെ വാക്ക് വിശ്വസിച്ചു,“യഹോവ കരുതിക്കൊള്ളും” കത്തി ഓങ്ങിയപ്പോൾ അനുസരണമുള്ള തന്റെ പ്രീയപ്പെട്ടവനെ കണ്ട് സന്തോഷിച്ച ദൈവം പേർ ചൊല്ലി വിളിച്ച് , ദൈവം കരുതിയ ആട്ടിൻകുട്ടിയെ കാട്ടിക്കൊടുക്കുക മാത്രമല്ല , വീണ്ടും അവനെ അനുഗ്രഹിക്കുകയും ചെയ്തു. പിതാക്കൻമാരെ യാഗത്തിനു പുറപ്പെടുമ്പോൾ നിങ്ങളുടെ മക്കൾ കൂടെയുണ്ടാകണം. നിങ്ങൾ ദൈവത്തെ അനുസരിക്കുന്നതു കണ്ട് അവരും പഠിക്കണം.

ആത്മീയാഹാരം സ്വീകരിക്കുന്നവർക്ക് ഭൗതീകാഹാരവും മുടങ്ങാതെ നൽകുന്നവനാണ് സ്വർഗ്ഗീയ പിതാവ്. തന്റെ വാക്കുകൾ ശ്രദ്ധിച്ച് അനേക സമയം ഇരുന്ന ജനം വഴിയിൽ തളർന്നുപോകാതെ ഇരിപ്പാൻ ഭക്ഷണം നൽകിയ യേശുവിനെ മർക്കോസ് 6:33-44) വരെയുള്ള വാക്യങ്ങളിൽ കാണാം. കൂടിയിരുന്നവർക്ക് അഞ്ച് അപ്പവും രണ്ട് മീനും എടുത്ത് വാഴ്ത്തി നുറുക്കി നൽകി എങ്കിലും അവരെല്ലാം ഭക്ഷിച്ച് തൃപ്തരായി ശേഷിച്ചതും ശേഖരിപ്പാനിടയായി.



പ്രീയ സഹോദരൻമാരേ! നിങ്ങളുടെ മക്കൾക്ക്  പണമോ , ഭക്ഷണമോ നൽകുമ്പോൾ പ്രാർത്ഥിച്ച് അനുഗ്രഹിച്ചാണോ നിങ്ങൾ നൽകുന്നത്. പഠിക്കുന്ന പുസ്തകം, അവർ ധരിക്കുന്ന വസ്ത്രം, അവരുടെ ചെരുപ്പ് എല്ലാം നോക്കി പ്രാർത്ഥിക്കുക. നിങ്ങളുടെ മക്കൾ കുടുംബസ്ഥരാണെങ്കിൽ അവരുടെ കുടുംബത്തെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുക. അവരുടെ ജോലിയേയും ആ സ്ഥലത്തെയും ഓർത്ത് പ്രാർത്ഥിക്കുക. നിങ്ങൾ പ്രാർത്ഥിച്ചാൽ നിങ്ങളുടെ മക്കളെ ദൈവം കരുതും, സംശയം വേണ്ട.

## <u>പ്രാർത്ഥന</u>

പ്രീയമുള്ള അപ്പാ ! സ്നേഹമുള്ള അപ്പനായി ആത്മീക ഭൗതീക നന്മകളാൽ ഞങ്ങളെ നടത്തിയ സ്നേഹത്തിനായി സ്തോത്രം. കരുതുന്ന യഹോവയെ ഞങ്ങളുടെ ജീവിതത്തിൽ മക്കൾ കാണുവാൻ തക്കവണ്ണം വചനത്തോടുള്ള താല്പര്യം, അങ്ങയിലുള്ള വിശ്വാസം, അനുസരണം ഇവ തന്ന് ഞങ്ങളെ നടത്തേണമേ.

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind